## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 204** **26.03.2013-ലെ മറുപടിക്ക്**

### വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമി


**ചോദ്യം**

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സി. കെ. സദാശിവൻ

,, പുരുഷൻ കടലുണ്ടി

,, കെ. കെ. നാരായണൻ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**

**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**


| ചോദ്യം | മറുപടി |
| --- | --- |
| (എ) വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമിയിൽ നിശ്ചിത കാലാവധിക്കു ശേഷവും വ്യവസായം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ; വ്യവസായ ആവശ്യത്തിന് അനുവദിച്ച ഭൂമിയിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ വ്യവസായം ആരംഭിക്കാത്ത സംരംഭകർക്ക് നോട്ടീസ് നൽകി ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂമി അനുവദിച്ച Kerala State Industrial Development Corporation Limited, kerala Industrial Infrastructure Development Corporation, Kerala Small Industries Development Corporation, Director of Industries & Commerce എന്നിവർ നടപടി സ്വീകരിച്ച് വരുന്നു. Director of Industries & Commerce വിവിധ ജില്ലകളിലായി 15 സ്ഥാപനങ്ങൾക്ക് അനുവദിച്ച ഭൂമി തിരിച്ച് പിടിച്ചിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച മന്ത്രിസഭ തീരുമാനമനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; | (ബി)&(സി) ; വ്യവസായ സംരംഭങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ ആറുമാസത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിനുള്ള നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലെങ്കിൽ അത്തരം ഭൂമികൾ തിരിച്ചെടുക്കുവാൻ 24.09.2012 ലെ സർക്കാർ ഉത്തരവ് ((സാധാ) നമ്പർ 1412/2012/വ്യവ. ഉത്തരവായിട്ടുണ്ട്. അങ്ങനെ തിരിച്ചെടുക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു |

| | |
|---|---|
| (സി) ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | |
| (ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഇതിനകം നോട്ടീസ് നൽകിയെന്നും ഈ സ്ഥാപനങ്ങൾക്കെതിരായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (ഡി) ; Kerala State Industrial Development Corporation Limited, kerala Industrial Infrastructure Development Corporation, Kerala Small Industries Development Corporation, Director of Industries & Commerce<br>എന്നിവർ നോട്ടീസ് നൽകിയ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (ഇ) നിശ്ചിത കാലാവധിക്കുശേഷം ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവിറക്കുന്നതിനും ഭൂമി സർക്കാരിന്റെ ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഇ); ഈ കാര്യത്തിലുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്